2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ എം.എസ്.ഡി.പി. പദ്ധതി സംസ്ഥാനത്തെ കൂടുതൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനായി കൂടുതൽ ബ്ലോക്കുകളും, ക്ലസ്റ്റർ വില്ലേജുകളും ഉൾപ്പെടുത്തി വിശദമായ പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ടി പദ്ധതി നിർവ്വഹണ പ്രദേശങ്ങൾ സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനോ സമർപ്പിച്ച മുഴുവൻ പദ്ധതികളും അംഗീകരിക്കുന്നതിനോ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് നാളിതുവരെ കഴിഞ്ഞില്ല. മുൻ വർഷങ്ങളിലും നടപ്പ് സാമ്പത്തിക വർഷങ്ങളിലും കേന്ദ്ര വിഹിതമായി കൂടുതൽ തുക ലഭിക്കുമെന്ന് പ്രതീക്ഷിച്ച് കേന്ദ്രാവിഷ്കൃത പദ്ധതി ശീർഷകത്തിൽ വകുപ്പിന് വേണ്ടി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ സംഖ്യ ലഭ്യമാകാത്ത സാഹചര്യത്തിൽ കൂടുതൽ തുക ഈ ശീർഷകത്തിൽ അതത് സാമ്പത്തിക വർഷങ്ങളിൽ സറണ്ടർ ചെയ്യേണ്ടതായി വന്നു.

ന്യൂനപക്ഷ ക്ഷേമം

322 (3304) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ന്യൂനപക്ഷ ക്ഷേമത്തിനുവേണ്ടി ഓരോ വർഷവും അനുവദിച്ച തുകയുടെയും വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ന്യൂനപക്ഷ വിഭാഗക്കാർക്ക് ഭവനനിർമ്മാണത്തിനുവേണ്ടി ധനസഹായമായോ വായ്പയായോ ഓരോ വർഷവും അനുവദിച്ച തുക ഗുണഭോക്താക്കളുടെ മേൽവിലാസം ഉൾപ്പെടെ ജില്ല തിരിച്ച് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) പദ്ധതി (Plan)ഇനത്തിൽ അനുവദിച്ച/ചെലവഴിച്ച തുക :

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2011-12	1004.29	955.9
2012-13	7870	106.8
2013-14	10300	4815
2014-15	13000	1504 (28-2-2015 വരെ)

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ/വിവാഹമോചിതർ/ഉപേക്ഷിക്കപ്പെട്ടവർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് 2 ലക്ഷം രൂപ ധനസഹായം നൽകുന്ന ഭവന പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്താകെ 2013-14-ൽ 950 വീടുകളും 2014-15-ൽ 249 വീടുകളും അനുവദിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണം പുരോഗമിക്കുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.* ഇതുമായി ബന്ധപ്പെട്ട മുഴുവൻ തുകയും അതത് ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ മേൽവിലാസം ശേഖരിച്ചുവരുന്നു.

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന പദ്ധതി

323 (3305) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14, 2014-15 എന്നീ വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ, വിവാഹ മോചിതർ തുടങ്ങിയവർക്കായുള്ള ഭവന പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എപ്രകാരമാണ് ; വിശദവിവരം നൽകുമോ ; ഇതിനായി എത്ര രൂപ ചെലവഴിച്ചു ; ഈ വീടുകളുടെ നിർമ്മാണ പുരോഗതി വിവരം നൽകുമോ ;

(ബി) ഗ്രാമസഭകൾ ചേർന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതി പ്രസ്തുത ഭവനപദ്ധതിയിലും സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സ.ഉ.(സാധാ) നമ്പർ 7402/2013/പൊ.ഭ.വ. തീയതി 7-9-2013, സ.ഉ. (സാധാ) നമ്പർ 4306/2014/പൊ.ഭ.വ. തീയതി 2-6-2014 എന്നീ ഉത്തരവുകൾ പ്രകാരം അതാത് ജില്ലകളിൽ ലഭ്യമായ അപേക്ഷകൾ ന്യൂനപക്ഷ ക്ഷേമ സെക്ഷൻ പ്രാഥമിക പരിശോധന നടത്തി ഈ പദ്ധതിക്കായി പരിഗണിക്കുവാൻ അർഹതയുള്ള അപേക്ഷകൾ, വകുപ്പിന്റെ പ്രോജക്ട് ഓഫീസർ, ജില്ലാ കളക്ടറുടെ പ്രതിനിധി, വകുപ്പിന്റെ പരിശീലന കേന്ദ്രം പ്രിൻസിപ്പൽ എന്നിവർ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി ടി സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ അപേക്ഷകൾക്കും മാർക്ക് നൽകി, ആയതിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച അപേക്ഷകൾ ഫീൽഡ് വെരിഫിക്കേഷനുവേണ്ടി ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ, വില്ലേജ് ഓഫീസറുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly